## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2219 | 06.02.2019 ൽ മറുപടിയ്ക്ക്

## ഭക്ഷ്യധാന്യങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസിന്റെ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമായി പോകുന്നുവെന്ന മാദ്ധ്യമവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്. തൃശ്ശൂർ താലൂക്കിലെ റേഷൻ കടകളിൽ ഡിസംബർ മാസത്തിൽ വിതരണത്തിന് നൽകിയ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി വിതരണയോഗ്യമല്ലാത്ത സ്റ്റോക്ക് കടകളിൽ നിന്നും തിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം റേഷൻ വിതരണത്തിനുള്ള ധാന്യങ്ങൾ ഉപയോഗശൂന്യമായി പോകുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഗോഡൗണുകളുടെ അപര്യാപ്തതയും ശാസ്ത്രീയമായി സ്റ്റോക്ക് ചെയ്യുന്നതിനുള്ള പരിമിതിയും മൂലം സ്റ്റോക്ക് വിതരണത്തിലെ മാനദണ്ഡങ്ങൾ പാലിക്കുവാൻ കഴിയാതെ വരുന്നുണ്ട്. |
| (സി) | റേഷൻ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ശാസ്ത്രീയ സൗകര്യങ്ങളുള്ള ഗോഡൗണുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഭക്ഷ്യധാന്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ക്വാളിറ്റി അഷ്വറൻസ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിശ്ചിത സമയ ക്രമത്തിൽ പരിശോധന നടത്തി വരുന്നു. ആവശ്യമെങ്കിൽ ഫ്യൂമിഗേഷൻ ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ച് സ്റ്റോക്കിന്റെ ഗുണമേന്മ നിലനിർത്തുന്നു. |

സെക്ഷൻ ഓഫീസർ